DESPATCHED
On..13/4/21.....

31/3/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471-2335199, 2561614 Fax: 0471-2330920
Email:- sic.ker@nic.in


**A.P.No. 29(1)/2019/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.715/SIC-G4/2019**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഹാഷിം എ.,
കണിയാർ കോണത്തു പുത്തൻ വീട്,
പിരപ്പൻകോട് പി.ഒ.,
വെഞ്ഞാറമൂട്, തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വില്ലേജ് ഓഫീസ്,
   മാണിക്കൽ, പിരപ്പൻകോട് പി.ഒ.,
   വെഞ്ഞാറമൂട്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & തഹസിൽദാർ (എൽ.ആർ),
   താലൂക്ക് ഓഫീസ്,
   നെടുമങ്ങാട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ പരാമർശിത കാലയളവിലെ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച വിശദീകരണത്തിൽ ബോധിപ്പിച്ചത്, one and the same സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ ലഭ്യമാകുമ്പോൾ മേൽവിലാസം തെളിയിക്കുന്ന രേഖ, പേരിലുള്ള വ്യത്യാസം തെളിയിക്കുന്നതും ശരിയായ പേര് രേഖപ്പെടുത്തിയിരിക്കുന്നതുമായ രേഖകളുടെ പകർപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രാദേശിക അന്വേഷണം നടത്തിയാണ് ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നതെന്നും സ്ഥലപരിമിതി മൂലവും കാലപ്പഴക്കം കാരണവുമാണ് ഈ വിഷയത്തിലുള്ള നടപടി പൂർത്തീകരിച്ച ഫയൽ കണ്ടെത്താൻ കഴിയാതിരുന്നതെന്നും, വില്ലേജ് ഓഫീസർ മുഖേന സർട്ടിഫിക്കറ്റുകൾ നൽകുന്ന

ഫയലുകൾ എത്ര കാലത്തേക്കാണ് സൂക്ഷിച്ചു വെക്കേണ്ടതെന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ലെന്നും one and the same സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വ്യക്തി ഹാജരാക്കിയ അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ ഫയൽ കണ്ടെത്തുവാൻ രണ്ടാം എതിർകക്ഷിയുൾപ്പെടെ തെരച്ചിൽ നടത്തിയിട്ടും കണ്ടെത്താൻ സാധിച്ചില്ല എന്നുമാണ്. മേൽ സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടി റിക്കാർഡ് റൂം പരിശോധിച്ച് ടിയാൻ ആവശ്യപ്പെട്ട രേഖകൾ അടങ്ങുന്ന ഫയൽ കണ്ടെത്തുവാൻ ഒന്നാം എതിർകക്ഷി അനുമതി നൽകേണ്ടതാണെന്ന് നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജിയിലെ തുടർനടപടികൾ കമ്മീഷൻ അവസാനിപ്പിച്ചു കൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2021 മാർച്ച് മാസം 31-ാം തീയതി പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us